## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5030 — 23.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർക്ക് നല്കുന്ന സഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് ക്ഷീരവികസന വകുപ്പ് മുഖേന ലഭ്യമാക്കുന്നത്; | (എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന ലഭ്യമാക്കുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.<br>**തീറ്റപ്പുൽകൃഷി പദ്ധതി**<br>സംസ്ഥാനത്ത് കറവ പശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും, പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേക്കായി നടപ്പാക്കി വരുന്നതാണ് തീറ്റപ്പുൽകൃഷി പദ്ധതി. ഈ പദ്ധതി പ്രകാരം ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നുണ്ട്.2017-18 ൽ 2000 ഹെക്ടർ സ്ഥലത്ത് ദീർഘകാല തീറ്റപ്പുൽകൃഷി ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു വരുന്നു. തൻവർഷം ഈയിനത്തിൽ ആറ് കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്.<br>ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ തീറ്റപ്പുൽ, വൈക്കോൽ തുടങ്ങിയവ നൽകുന്നതിന് 1.55 കോടി രൂപ ചെലവഴിച്ചു. അസോളകൃഷി യൂണിറ്റുകൾക്ക് 600/-രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. സംസ്ഥാനത്ത് 94 ഹെക്ടർ തരിശുനിലം കണ്ടെത്തി ഹെക്ടറിന് 93,072/- രൂപ സബ്സിഡി നൽകിക്കൊണ്ട് പുൽകൃഷി വ്യാപിപ്പിച്ചു. സ്വാശ്രയ / വനിതാ ഗ്രൂപ്പുകൾ മുഖേനയും ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയും കുറഞ്ഞ വിലയ്ക്ക് പുല്ല് വിതരണം ചെയ്യുന്ന പദ്ധതി 80 സംഘങ്ങളിലൂടെ നടപ്പിലാക്കി ഓരോ ഗ്രൂപ്പിനും 10,000/-രൂപ വീതം ധനസഹായം നൽകി. |

- **കാലിത്തീറ്റ സബ്സിഡി**

  ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നല്കിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 3/- രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18 ൽ 13 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

- **മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP)**

  ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും, നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും, പശുക്കളെയും കിടാരി-കളെയും വാങ്ങുന്നതിനും, ചെറുകിട ഡയറി ഫാമുകൾ ആരംഭിക്കുന്നതിനും, ഫാമുകളുടെ യന്ത്രവത്കരണത്തിനും, ശാസ്ത്രീയമായി തൊഴുത്തു നിർമ്മിക്കുന്നതിനും, ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തൻവർഷം ഈയിനത്തിൽ 41.79 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

- **വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

  ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്ന-തിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്ന-തിനും ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്. തൻവർഷം ഈയിനത്തിൽ 4.95 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും മികച്ച പ്രവർത്തനം നടത്തുന്ന കർഷകരെ ആദരിക്കുകയും പുരസ്കാരങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

- **കണ്ടിജൻസി ഫണ്ട്**

  ആകസ്മികമായി കർഷകനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. പരമാവധി 10,000/-രൂപ വരെ ധനസഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇവർക്ക് ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കേരള ക്ഷീരകർഷക ക്ഷേമനിധി മുഖേന അർഹരായ ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ചുവടെ കാണുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.<br>• പ്രതിമാസം 1,100/-രൂപ പെൻഷൻ (ഏപ്രിൽ 2017 മുതൽ)<br>• അവശതാ പെൻഷൻ പ്രതിമാസം 1,100/-രൂപ<br>• മരണപ്പെട്ട പെൻഷണർമാരുടെ നോമിനിയ്ക്ക് 150/-രൂപ പ്രതിമാസ കുടുംബപെൻഷൻ<br>• മരണാനന്തര ചെലവുകൾക്കായി 3000/-രൂപ ധനസഹായം.<br>• അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 5,000/-രൂപ<br>• വിദ്യാഭ്യാസ ധനസഹായമായി അംഗങ്ങളുടെ മക്കൾക്ക് 1000/-രൂപ (SSLC), 1500/- രൂപ(+2), 2000/-രൂപ (ബിരുദം), 2,500/-രൂപ (പ്രൊഫഷണൽ ബിരുദം)<br>• ചികിത്സാ ധനസഹായമായി പരമാവധി 15,000/-രൂപ വരെയും അപകട മരണം സംഭവിക്കുന്ന അംഗങ്ങളുടെ നോമിനികൾക്ക് 50,000/-രൂപയും ധനസഹായം നൽകിവരുന്നു. |
| (സി) | കൂടുതൽ പാലുൽപ്പാദിപ്പിക്കാൻ കഴിയുന്ന തരം പശുക്കളെ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ